**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2741** **12-07-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് മെഡിക്കൽ കോളേജിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് മെഡിക്കൽ കോളേജിന്റെ പുരോഗതിക്കും വികസനത്തിനുമായി 2016 മുതൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) | 2016 മുതൽ പാലക്കാട് മെഡിക്കൽ കോളേജിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ മെയിൻ ബ്ലോക്ക്, പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹോസ്റ്റൽ, ചുറ്റമതിൽ, ഭൂഗർഭജലസംഭരണി എന്നിവ ഉൾപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെഡിക്കൽ കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ പൂർണ്ണതയിൽ എത്തിക്കുന്നതിന്റെ ഭാഗമായി മന്ത്രിതലത്തിൽ ചർച്ചകൾ നടത്തുകയും മെഡിക്കൽ കോളേജ് പൂർണ്ണ തോതിൽ സജ്ജമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു. നിലവിൽ മെയിൻ ബ്ലോക്ക് നിർമ്മാണം, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ നിർമ്മാണം, ബോയിലർ, മാണിഫോൾഡ് ബിൽഡിങ്ങുകളുടെ നിർമ്മാണം, ഇന്റേണൽ റോഡ് നിർമ്മാണം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മോഡ്യുലർ ലാബുകളുടെ നിർമ്മാണം, ഇന്റേൺസ് ഹോസ്റ്റൽ നിർമ്മാണം, ഐസൊലേഷൻ വാർഡ്, പീഡിയാട്രിക് ICU, എക്സ്റ്റേണൽ സ്ട്രീറ്റ് ലൈറ്റിംഗ് വർക്ക്, ന്യൂമാറ്റിക് ട്യൂബുലാർ ട്രാൻസ്ഫർ സിസ്റ്റത്തിന്റെ നിർമ്മാണം, എക്സ്റ്റേണൽ സ്വിവറേജ് & ഡ്രൈനേജ് ,കിച്ചൺ നിർമ്മാണം, ഗേറ്റ്, മോർച്ചറി കെട്ടിട നിർമ്മാണം, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ, ഡിജിറ്റൽ റേഡിയോഗ്രാഫി തുടങ്ങിയ പ്രവൃത്തികളാണ് നടന്നുവരുന്നത്. പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്.<br><br>കൂടാതെ ഒഴിഞ്ഞു കിടക്കുകയായിരുന്ന മെഡിക്കൽ സൂപ്രണ്ട്, ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട്, ആർ.എം.ഒ, അസിസ്റ്റന്റ് ആർ.എം.ഒ തുടങ്ങിയ തസ്തികകളിൽ ഈ സർക്കാർ നിയമനം നടത്തുകയും പത്തോളജി വിഭാഗത്തിൽ പി.ജി ആരംഭിക്കുന്നതിനായി 3 അദ്ധ്യാപക തസ്തികകൾ |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുകയും 8 വകുപ്പുകളിൽ പി.ജി ആരംഭിക്കുന്നതിന്റെ എസെൻഷ്യാലിറ്റി ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ